(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) അനെർട്ട് ക്ഷണിച്ച ടെണ്ടറിൽ പങ്കെടുക്കാതിരുന്നിട്ടും പെൽപ്രൈവ് എന്ന സ്വകാര്യ കമ്പനിയിൽനിന്നും ഉൽപന്നങ്ങൾ വാങ്ങിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര തുകയ്ക്കുള്ള ഉൽപന്നങ്ങൾ വാങ്ങി ;

(ഇ) അവയുടെ ഗുണനിലവാരം പരിശോധിച്ച് തൃപ്തിപ്പെട്ടിട്ടുണ്ടോ ;

(എഫ്) പ്രസ്തുത പർച്ചേസ് ഇപ്പോൾ വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വന്നിട്ടുണ്ടോ ;

(ജി) ഇപ്പോൾ അനെർട്ടിന്റെ ഡയറക്ടറായിരിക്കുന്നയാൾ പെൽപ്രൈവ് എന്ന കമ്പനിയുടെ തലവനായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഉന്നത സ്ഥാപനങ്ങളുടെ മേധാവികളെ നിയമിക്കുന്നതിനുമുമ്പായി വിജിലൻസ് ക്ലിയറൻസ് ആവശ്യമാണോ; എങ്കിൽ പ്രസ്തുത നിയമനത്തിന് അപ്രകാരം വിജിലൻസ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ, ബി) അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഉണ്ട്. 26-5-2001-ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 43-OA1 നമ്പർ തീരുമാനപ്രകാരമാണ് പെൽപ്രൈവിന് സപ്ലൈ ഓർഡർ നൽകിയത്;

(ഡി) 26,40,000 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) ഉണ്ട്.

(എച്ച്) ആവശ്യമാണ്. ഇപ്പോൾ ഡയറക്ടറായിരിക്കുന്നയാൾ സർക്കാർ ഉദ്യോഗസ്ഥനല്ലായിരുന്നതിനാൽ വിജിലൻസ് ക്ലിയറൻസ് ആവശ്യപ്പെട്ടിരുന്നില്ല.

കുരിയാർകുറ്റി-കാരാപ്പാറ കേസുകളുടെ സ്ഥിതി

56 [830] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുരിയാർകുറ്റി-കാരാപ്പാറ, പാമോയിൽ എന്നീ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുരിയാർകുറ്റി-കാരാപ്പാറ കേസ് ഫർതർ ഇൻവെസ്റ്റിഗേഷൻ നടത്തിയ ഡി. വൈ. എസ്. പി. ആരാണ് ;

(സി) ഫർതർ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് പ്രസ്തുത ഉദ്യോഗസ്ഥൻ എത്ര മാസം സമയമെടുത്തു ;

(ഡി) ഇതുസംബന്ധിച്ച റിപ്പോർട്ട് വിജിലൻസ് എസ്. പി.-ക്ക് സമർപ്പിച്ചിരുന്നുവോ ; എസ്. പി. അത് വിജിലൻസ് ഡയറക്ടറേറ്റിലേക്ക് അയച്ചിട്ടുണ്ടോ ;

(ഇ) ഡിവൈ. എസ്. പി.-യുടെ അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) കുരിയാർകുറ്റി-കാരാപ്പാറ വിജിലൻസ് കേസിന്റെ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ഈ കേസിൽ ഫർതർ ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് ഡയറക്ടറേറ്റിൽ സൂക്ഷ്മപരിശോധനയിലാണ്.

പാമോയിൽ ഇറക്കുമതിയിൽ നടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ചാർജ് ഷീറ്റ് ചെയ്ത് ഫയലിൽ സ്വീകരിച്ചുവെങ്കിലും പ്രതികളിൽ ഒരാളായ മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത പ്രത്യേക ലീവ് പെറ്റീഷൻ വിധിപ്രകാരം കേസിന്റെ തുടർനടപടികൾ നിർത്തിവച്ചു. സർക്കാർ ഈ കേസ് ഇപ്പോൾ പുനഃപരിശോധിക്കുകയും പ്രോസിക്യൂഷൻ നടപടികൾ പിൻവലിക്കുന്നതിന് കോടതിയുടെ അനുമതി തേടാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി, സി) ഫർതർ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സൂക്ഷ്മപരിശോധനയിലായതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഡി) റിപ്പോർട്ട് മദ്ധ്യമേഖല പോലീസ് സൂപ്രണ്ട് മുഖേനയാണ് വിജിലൻസ് ഡയറക്ടർക്ക് സമർപ്പിച്ചത്.

(ഇ) റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

ശ്രീമതി ആർ. മഹേശ്വരിഅമ്മയുടെ ജനനത്തീയതി തിരുത്തിയെന്ന പരാതി

57 [831] ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരവാരം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ഇന്റേണൽ ആഡിറ്റർ ശ്രീമതി ആർ. മഹേശ്വരിഅമ്മയുടെ സർവ്വീസ് ബുക്കിൽ ജനനത്തീയതി തിരുത്തിയെന്ന പരാതിയിൻമേൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly